# ലോഗോസ്



**Kerala Catholic Bible Society**

Pastoral Orientation Centre

P.B. No. 2251, Palarivattom, Cochin - 682 025

Bulletin, June 2024 | Vol. 33 • No.1

# മുഖമൊഴി

2025 പെന്തക്കൊസ്ത തിരുനാൾവരെ നവീകരണപ്രക്രിയയിലൂടെ കടന്നുപോകുകയാണ് കേരളസഭ മുഴുവനും. ഈ വർഷം പ്രത്യേകമായി യുവജനവർഷമായി കേരളസഭ പ്രഖ്യാപിച്ചിരിക്കുകയാണ്. ദൈവവചനമായ യേശുക്രിസ്തുവിനെ അറിയുകയും പ്രഘോഷിക്കുകയുമാണ് നവീകരണത്തിന്റെ അടിസ്ഥാനം. ''മേരി എഴുന്നേറ്റ് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു'' (ലൂക്കാ 1,39) എന്ന വചനമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ യുവജനദിനത്തിന്റെ ആപ്തവാക്യമായി പ്രഖ്യാപിച്ചത്. മറിയം തന്നെയാണ് ദൈവവചനപഠനത്തിനും, പ്രഘോഷണത്തിനും (അപ്പരെയിത് ഇല്ലിസ് ഖ. 3) ചാലകശക്തിയായി യുജനമാതൃകയായി നമ്മുടെ മുന്നിലുള്ളത്. ഈ ആപ്തവാക്യത്തിലെ വാക്കുകളെല്ലാം നമ്മുടെ വിചിന്തനത്തിനും മനനത്തിനും പാകമാക്കാം. ഇതൊരു യാത്രയാണ്. ഈ യാത്രയുടെ അനിവാര്യതയായി പറഞ്ഞിരിക്കുന്ന ഗുണങ്ങൾ എഴുന്നേൽപ്പ്, തിടുക്കം എന്നിവയാണ്. ആ യാത്ര ആന്ത്യന്തികമായി ഒരു പുറപ്പാടാണ്. അടിമത്വത്തിൽനിന്നും സുവിശേഷ സന്തോഷത്തിന്റെ കാനാൻദേശത്തേക്കുള്ള യാത്രയാണത്. (E.G, സുവിശേഷത്തിന്റെ സന്തോഷം).

ആയതിനാൽ വചനത്തോടൊപ്പമുള്ള യാത്ര എന്നത്തേയുംപോലെ ഈ കാലഘട്ടത്തിന്റേയും അനിവാര്യതയാണ്. ഓരോവർഷവും ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് അഞ്ചുലക്ഷത്തിൽപരം മത്സരാർത്ഥികൾ ഒരുമിച്ച് അണിചേരുന്ന അനുഭവം ലോകത്തിൽ തന്നെ വേറിട്ടു നിൽക്കുന്ന ഒരു സുവിശേഷപ്രചാരക ദൗത്യമായി ബൈബിൾ സൊസൈറ്റി നെഞ്ചിലേറ്റുന്നു. ലോഗോസിന്റെ രജത ജൂബിലി ക്വിസ് 2025-ൽ നടത്തപ്പെടുമ്പോൾ അതൊരു ചരിത്രസംഭവമാക്കി മാറ്റാൻ നേരത്തേക്കൂട്ടിയുള്ള ഒരുക്കം ആവശ്യമാണ്. ദൈവവചനത്തിന്റെ പ്രചാരണ പ്രഘോഷണത്തെ ഊർജസ്വലമാക്കാനുള്ള സത്വര ശ്രമങ്ങളിൽ ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളായ നിങ്ങളുടെ സഹകരണവും ശുശ്രൂഷയും എന്നും പ്രോത്സാഹനജനകമാണ്. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ശക്തിയായി കൂടെ നിൽക്കുന്ന മാനേജിംഗ് കൗൺസിൽ, എക്സിക്യൂട്ടിവ് അംഗങ്ങൾ, കമ്മീഷൻ ഓഫീസിലെ സഹപ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

യുവജനവർഷത്തിൽ വചനത്തിന്റെ സ്പന്ദനങ്ങളെ സജീവമാക്കാൻ മറിയത്തോടൊപ്പം യുവജനങ്ങളെ ചേർത്ത്പിടിച്ച് തിടുക്കത്തിൽ നമുക്കു യാത്ര പുറപ്പെടാം!

സസ്നേഹം,

**ഡോ. ജോജു കോക്കാട്ട്**

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 33–ാം വാർഷിക പൊതുയോഗം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 33–ാമത് വാർഷിക പൊതുയോഗം 2024 ജൂൺ 29–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

| | | |
|---|---|---|
| **പ്രാർഥന** | | |
| **സ്വാഗതം** | – | **ശ്രീ. ആന്റണി പാലിമറ്റം**<br>**(വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)** |
| **അനുസ്മരണ പ്രാർഥനാശുശ്രൂഷ** | | |
| **അധ്യക്ഷപ്രസംഗം** | – | **റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**<br>**(ചെയർമാൻ, കെ.സി.ബി.എസ്.)** |
| **ആശംസ** | – | **റവ. ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി**<br>**(ഡയറക്ടർ, പി.ഒ.സി.)** |
| **റിപ്പോർട്ടുകൾ** | – | **റവ. ഡോ. ജോജു കോക്കാട്ട്**<br>**(സെക്രട്ടറി, കെ.സി.ബി.എസ്)** |
| **വാർഷിക കണക്കുകൾ** | – | **റവ. സി. ഇസബെല്ല ഐഡ CTC**<br>**(ട്രഷറർ, കെ.സി.ബി.എസ്)** |
| **ചർച്ചകൾ** | | |
| **നന്ദി** | – | **ശ്രീ. ജോസഫ് പന്തപ്ലാക്കൽ**<br>**(ജോ. സെക്രട്ടറി, കെ.സി.ബി.എസ്.)** |

**ശ്രീ. ആന്റണി പാലിമറ്റം**
**വൈസ് ചെയർമാൻ**

**ഡോ. ജോജു കോക്കാട്ട്**
**സെക്രട്ടറി**

**സി. ഇസബെല്ല ഐഡ CTC**
**ട്രഷറർ**

**ശ്രീ. ജോസഫ് പന്തപ്ലാക്കൽ**
**ജോ. സെക്രട്ടറി**

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർഥന

*വചനത്താൽ സർവവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽനിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽനിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്നനിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമേൻ.*

# കെ.സി.ബി.സി.
# ബൈബിൾ പാരായണ മാസവും
# ബൈബിൾ ഞായറാചരണവും

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണമാസമായും, ഈ വർഷം ഡിസംബർ 17 "ബൈബിൾ ഞായറായും" കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതു സിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022-2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായം അടിസ്ഥാനമാക്കി "ജീവന്റെ അപ്പം: വചനവും വിരുന്നും" (6,27-69) പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

I. യോഹന്നാൻ 6:35 "ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല". യേശുവുമായുള്ള സമ്പർക്കത്തിന്റെ രണ്ട് തലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ "വരുക", "വിശ്വസിക്കുക" എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാഷണം വഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവിടത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കൊദേമോസും, (യോഹ 3) ദാഹാർത്തയായ സമരിയാക്കാരി സ്ത്രീയും (യോഹ 4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6,51: "സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു". ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് "ജീവന്റെ അപ്പ"മെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് "ജീവന്റെ അപ്പം" എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും "ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?" (6,60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത്

(6,66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III.**"കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6,68.69).** തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6,63). താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽ സൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. ദിവ്യകാരുണ്യകൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനനിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

ഒഴിഞ്ഞകുടവുമായി ജലംതേടിവന്ന സമരിയാക്കാരി സ്ത്രീ, യേശു വചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4,28.29) ഓടിയത് തന്റെ ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെ സന്തോഷം *EG. 120*).

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണ കാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായിവരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയനിയമപഠനബൈബിൾ 2021ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് – വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും

ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും "പ്രേഷിത ശിഷ്യരാകാനും" നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2023-2024 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990-ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 33 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 32-ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2023-2024 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (29 ജൂലൈ 2023) രണ്ട് എക്സിക്യൂട്ടിവ് കമ്മിറ്റി യോഗങ്ങളും (16 ജൂലൈ 2023; 17 ഒക്ടോബർ 2023; ആറ് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (31 മാർച്ച് 2023; 28 ഏപ്രിൽ 2023; 17 ജൂൺ 2023; 24 ജൂൺ 2023; 16 ജൂലൈ 2023; 17 ഒക്ടോബർ 2023) ചേർന്നു.

## 1. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 31-3-23

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിമാനേജിംഗ് കൗൺസിൽ യോഗം 31-3-23 വെള്ളിയാഴ്ച വൈകിട്ട് 8.45ന് ഓൺലൈനായി കൂടുകയുണ്ടായി. സെക്രട്ടറി റവ. ഫാ. ജോജു കോക്കാട്ട് പ്രാർഥനയ്ക്ക് നേതൃത്വം നൽകി. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം യോഗത്തിൽ പങ്കെടുത്ത ഏവർക്കും സ്വാഗതമാശംസിച്ചു. മീറ്റിംഗിന്റെ മുഖ്യ അജണ്ട ഇന്റേണൽ ഓഡിറ്റിംഗും വിശുദ്ധനാടു സന്ദർശനവുമായിരുന്നു. ഓഡിറ്റേഴ്സായി മാനേജിംഗ് കൗൺസിലിൽനിന്നും ശ്രീ. ഫ്രാൻസിസ് ജോർജും മാനേജിംഗ് കൗൺസിലിന്റെ പുറത്തുനിന്നും ശ്രീ. തോമസ് പോളും തിരഞ്ഞെടുക്കപ്പെട്ടു. ഈ രണ്ടുപേരിൽ ആർക്കെങ്കിലും അസൗകര്യമുണ്ടായാൽ മൂന്നാമതൊരാളെകൂടി പരിഗണനയിൽവച്ചു. മുൻജോയിന്റ് സെക്രട്ടറിയായിരുന്ന കൊച്ചുത്രേസ്യസൈമൺ.

വിശുദ്ധനാടുസന്ദർശനത്തെക്കുറിച്ചുള്ള ചർച്ചയുണ്ടായി. അതു കൂടുതൽ അന്വേഷിച്ചറിയുന്നതിന് എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ അംഗങ്ങളായ ശ്രീ. ഫിലിപ്പ്, ശ്രീ. ജോസഫ് പന്തപ്ലാക്കൽ, ശ്രീമതി. കവിത, ശ്രീ. ബിനു എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ബൈബിൾ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള മേഖലാസമ്മേളനങ്ങൾ കൊല്ലം, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ നടത്തി. അത് വളരെ ഉപകാരപ്പെടുന്നതായി യോഗം വിലയിരുത്തി. ഈ വർഷത്തെ ലോഗോസ് പരീക്ഷയ്ക്കും ബൈബിൾ കലോത്സവത്തിനും എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് തീരുമാനമെടുത്തു. 2022-2025 കാലയളവിലേക്ക് എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ രൂപതയിലേക്കും ഇടവകയിലേക്കും ലെറ്റർ വിടണമെന്ന അഭിപ്രായമുണ്ടായി. ഡിജിറ്റൽ കലണ്ടർ തയ്യാറായിക്കൊണ്ടിരിക്കുന്നു എന്ന് അച്ചൻ യോഗത്തെ അറിയിച്ചു.

ജോയിന്റ് സെക്രട്ടറി ഏവർക്കും നന്ദിപറഞ്ഞു. 16 പേർ യോഗത്തിൽ പങ്കെടുത്തു. അച്ചന്റെ ആശിർവാദത്തോടെ യോഗം 9.15 സമാപിച്ചു.

**2. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 28-4-2023**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിമാനേജിംഗ് കൗൺസിൽ യോഗം 28-4-23 വെള്ളിയാഴ്ച വൈകിട്ട് 8.45ന് ഓൺലൈനായി കൂടുകയുണ്ടായി. സെക്രട്ടറി റവ. ഫാ. ജോജു കോക്കാട്ട് പ്രാർഥനയ്ക്ക് നേതൃത്വം നൽകി. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രമനോഹരം എന്ന് സങ്കീർത്തകൻ പറയുന്നതുപോലെ, ബൈബിൾ ശുശ്രൂഷാരംഗത്ത്, കമ്മീഷന്റെ പ്രവർത്തനങ്ങളോട് സഹകരിച്ചുപ്രവർത്തിക്കുന്നവർ മനോഹരമായ ഒരു ദൗത്യമാണ് നിർവ്വഹിക്കുന്നത് എന്ന് അച്ചൻ പറയുകയുണ്ടായി. തുടർന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം യോഗത്തിൽ പങ്കെടുത്ത ഏവർക്കും സ്വാഗതമാശംസിച്ചു. തുടർന്ന് അജണ്ട സെക്രട്ടറിയച്ചൻ അവതരിപ്പിച്ചു.

1. 2023ലെ ലോഗോസിന്റെ തുടർച്ചയായി ന്യായാധിപന്മാർ 1-10; പ്രഭാഷകൻ 34-40; ലൂക്കാ 9-16; 2 കോറിന്തോസ് 7-13 എന്നീ ബൈബിൾ ഭാഗങ്ങൾ 2024ലെ ലോഗോസ് ക്വിസ്സിന്റെ പഠനഭാഗങ്ങളായി തീരുമാനിച്ചു.

2. ലോഗോസ് പ്രതിഭയ്ക്കുള്ള വിശുദ്ധനാടുസന്ദർശനം ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലയെന്ന് കണ്ടിരിക്കൽട്രാവൽസ് അറിയിച്ചതുകൊണ്ട്, കഴിഞ്ഞവർഷത്തേതുപോലെ പാലയ്ക്കൽ തോമ മല്പ്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡിനോടു ചേർന്ന് ലോഗോസ് പ്രതിഭയ്ക്ക് 50000ൽ പരം രൂപയുടെ ക്യാഷ് അവാർഡ് സമ്മാനമായി നൽകാൻ തീരുമാനിച്ചു. ബാക്കിയുള്ള തുകയ്ക്ക് അനുയോജ്യനായ സ്പോൺസറെ കണ്ടെത്തിയില്ലെങ്കിൽ ഈ വർഷം ബൈബിൾ സൊസൈറ്റിയുടെ പേരിൽ നൽകാൻ തീരുമാനിക്കുകയുണ്ടായി.

3. 2023ലെ വാർഷിക പൊതുയോഗം ആഗസ്റ്റ് മാസം രണ്ടാംശനിയാഴ്ച നടത്താൻ യോഗം തീരുമാനിച്ചു.

4. അടുത്ത മാനേജിംഗ് കൗൺസിൽ യോഗം മെയ്മാസം ഓൺലൈനായി ചേരാനും യോഗം തീരുമാനിക്കുകയുണ്ടായി.

മെയ്മാസം 13-ാം തിയതി ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസും സർട്ടിഫിക്കറ്റ് വിതരണവും നടത്താൻ തീരുമാനിച്ചിരിക്കുന്ന വിവരം യോഗാംഗങ്ങളെ അറിയിച്ചു. താല്പര്യമുള്ളവർക്കെല്ലാം അതിൽ പങ്കെടുക്കാമെന്നും സൂചിപ്പിച്ചു.

ബൈബിൾ ക്ലാസ്സുകൾ ജൂൺമാസം ആദ്യവാരത്തിൽ തുടങ്ങാമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബൈബിൾ ക്ലാസ്സുകളുടെ വിഷയങ്ങൾ - പഞ്ചഗ്രന്ഥികൾ, ചരിത്രഗ്രന്ഥങ്ങൾ, ജ്ഞാനഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ എന്നിവയായിരിക്കും. ഇന്റേണൽ ഓഡിറ്റിംഗ് മെയ്മാസം നടത്തുന്നതായിരിക്കും എന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ഡി.എച്ച്.എഫ്.എൽ നിക്ഷേപവുമായി സംബന്ധിച്ച പാനലിന്റെ കൺവീനറുടെ റിപ്പോർട്ട് നൽകിയതായും, സെക്രട്ടറിയുടെ റിപ്പോർട്ട് നൽകിയിട്ടില്ലായെന്നും അച്ചൻ യോഗത്തെ അറിയിച്ചു. ജോയിന്റ് സെക്രട്ടറിയുടെ അഭാവത്തിൽ ജോജു അച്ചൻ ഏവർക്കും നന്ദിപറഞ്ഞു അച്ചന്റെ ആശിർവാദത്തോടെ യോഗം 9.15ന് സമാപിച്ചു.

**3. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 24-6-2023**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 24-6-23 ശനിയാഴ്ച രാവിലെ 11 മണിക്ക് മാനേജിംഗ് കൗൺസിൽ

അംഗം സെലിൻ ജോസഫിന്റെ ഭവനത്തിൽ എളന്തിക്കരയിൽവച്ച് കൂടുകയുണ്ടായി. റവ. സി. ലിസ്സി സി.ടി.സി. പ്രാർഥനയ്ക്ക് നേതൃത്വം നൽകി. സപ്തതിയുടെ നിറവിൽനിൽക്കുമ്പോഴും യുവത്വത്തിന്റെ ചുറുചുറുക്കോടെ അനേകം മക്കൾക്ക് ആശ്രയവും അത്താണിയുമായി ജിവിക്കുന്ന സെലിൻചേച്ചിയുടെ ജീവിതം ദൈവത്തിന്റെ ഒരുസമ്മാനമാണ് എന്ന് ജോജു അച്ചൻ ആമുഖപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം യോഗാംഗങ്ങൾക്ക് സ്വാഗതമാശംസിച്ചു. സ്വാഗതപ്രസംഗത്തിൽ, എക്സിക്യുട്ടീവ് അംഗമായ സി. ലിസ്സി ദേവസി CTC, കെ.സി.എം.എസ് മെമ്പർ ആയി തിരഞ്ഞെടുക്കപ്പെടുകയും മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ജോസ് തട്ടിലിന്റെ മകൾ ഫിസിക്സിൽ 5-ാം റാങ്കിന് അർഹയായതും, മുൻ വൈസ്ചെയർമാൻ ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ സഹകരണബാങ്കിന്റെ മെമ്പറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തുകൊണ്ട് സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച സൊസൈറ്റി അംഗങ്ങൾക്ക് വൈസ്ചെയർമാൻ അഭിനന്ദനങ്ങൾ അർപ്പിച്ച് സംസാരിച്ചു. തുർന്ന് മീറ്റിംഗ് അജണ്ട അവതരിപ്പിച്ചു. ജൂലൈ 29ന് നടത്തുന്ന വാർഷികപൊതുയോഗത്തിനു മുമ്പായി എക്സിക്യുട്ടിവ് - മാനേജിംഗ് അംഗങ്ങളുടെ ഒരു മീറ്റിംഗ് ജൂലൈ 16ന് കൂടാമെന്ന് തീരുമാനമുണ്ടായി. ഓഡിയോ ബൈബിളിന്റെ ഒരു ആപ്പ് തയ്യാറായിട്ടുണ്ട്, ജനറൽബോഡിയോഗത്തിൽ അത് ലോഞ്ച് ചെയ്യാമെന്ന് തീരുമാനിച്ചു. ഓഡിയോ ബൈബിളിന്റെ ഡിജിറ്റൽ കലണ്ടറോടുകൂടിയ ആപ്പ് തയ്യാറായ വിവരം അച്ചൻ യോഗത്തെ അറിയിക്കുകയും വാർഷികപൊതുയോഗത്തിൽ ലോഞ്ച് ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്തു.

ലോഗോസ് ബുള്ളറ്റിന്റെ പോസ്റ്റിംഗിനെപ്പറ്റിയും ലോഗോസിന്റെ പരസ്യം ജീവനാദത്തിലും സത്യദീപത്തിലും കൊടുക്കുന്നകാര്യവും ചർച്ച ചെയ്തു. ബൈബിൾ സൊസൈറ്റിയുടെ നിയമാവലിയെ സംബന്ധിച്ച വിവരങ്ങൾ കൗൺസിൽ അംഗങ്ങൾ എല്ലാവരും മനസിലാക്കിയിരിക്കണം എന്ന് യോഗം വിലയിരുത്തി.

തുടർന്ന് മീറ്റിംഗിൽ സന്നിഹിതരായ ഏവർക്കും സെലിൻ ജോസഫ് നന്ദിയർപ്പിച്ചു. ജന്മദിനത്തോടനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ ഏവരും പങ്കെടുത്തു. ജോജു അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ദിവ്യബലിയെതുടർന്ന് സെലിൻ ജോസഫിനെ സെക്രട്ടറി അച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം മെമെന്റോ നൽകി. ട്രഷറർ സി. ഇസബെല്ല ഐഡ വിശുദ്ധ ബൈബിൾ സമ്മാനമായി നൽകി. തുടർന്ന് ഏവരും സ്നേഹവിരുന്നിൽപങ്കെടുത്തു. 14 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## 4. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 17-6-2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 17-6-23 ശനിയാഴ്ച രാത്രി 9.00 മണിക്ക് ഓൺ ലൈനായി കൂടുകയുണ്ടായി. ഈശോയുടെ തിരുഹൃദയത്തിനും മറിയത്തിന്റെ വിമല ഹൃദയത്തിനും ഏവരെയും ഭരമേൽപ്പിച്ചുകൊണ്ട് സെക്രട്ടറിയച്ചൻ പ്രാർഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ഈ യോഗത്തിന്റെ അജണ്ടപ്രകാരമുള്ള ചർച്ചകൾ നടന്നു.

ബൈബിൾ സൊസൈറ്റിയുടെ വാർഷികപൊതുയോഗം ആഗസ്റ്റ് മാസം രണ്ടാം ശനിയാഴ്ച നടത്താൻ തീരുമാനിച്ചിരുന്നെന്നും, അന്നേ ദിനം

ചെയർമാൻ പിതാവിന് അസൗകര്യമുള്ളതായി അറിയിച്ചതിനാൽ അഭിവന്ദ്യ ജെയിംസ് പിതാവിന്റെ സൗകര്യാർഥം ജൂലൈ 29ന് വാർഷികപൊതുയോഗം നടത്താൻ യോഗം തീരുമാനിക്കുകയുണ്ടായി.
70-ാം ജന്മദിനത്തോടനുബന്ധിച്ച് അടുത്ത യോഗം മാനേജിംഗ് കൗൺസിൽ അംഗം ശ്രീമതി സെലിന്റെ ഭവനത്തിൽ ദിവ്യബലിയോടും സ്നേഹവിരുന്നോടും കൂടെ നടത്താൻ യോഗാംഗം ആഗ്രഹം പ്രകടിപ്പിച്ചു. ആയതിനാൽ ശ്രീമതി സെലിന് ഉപഹാരമായി ഒരു മെമന്റോ നൽകി ആദരിക്കാനും യോഗം തീരുമാനമായി. പി.ഒ.സി ബൈബിളുമായി സംയോജിപ്പിച്ചുകൊണ്ട് ബൈബിൾ കലണ്ടറിന്റെ ഡിജിറ്റൽ ആപ്പ് തയ്യാറായി.

വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എല്ലാവർക്കും നന്ദി പറഞ്ഞു. സെക്രട്ടറി അച്ചന്റെ ആശീർവാദ പ്രാർഥനയോടെ യോഗം സമാപിച്ചു.

## 5. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് കൗൺസിൽ 16-7-2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് മീറ്റിംഗ് 16/7/2023 ഞായറാഴ്ച 2.00 മണിക്ക് പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. സെക്രട്ടറിയച്ചന്റെ പ്രാർഥനയോടെ യോഗം ആരംഭിച്ചു. അച്ചൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. വൈസ്ചെയർമാൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി കഴിഞ്ഞമീറ്റിങ്ങുകളിലെ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അതു പാസാക്കി. തുടർന്ന് ഇന്റേണൽ ഓഡിറ്റർ ശ്രീ. ഫ്രാൻസിസ് ജോർജ് ഇന്റേണൽ ഓഡിറ്റിംഗ് റിപ്പോർട്ട് അവതരിപ്പിച്ചു. അതിനുശേഷം ഈ വർഷത്തെ പുതിയ ഓഡിറ്റർ ഓഡിറ്റുചെയ്ത കണക്ക് അവതരിപ്പിച്ചു. അതിനെ തുടർന്ന് മാനേജിംഗ് കൗൺസിലിൽ അവതരിപ്പിക്കാനുള്ള അജണ്ടചുരുക്കമായി വിവരിച്ചു. റിപ്പോർട്ട്, കണക്കുകൾ, ലോഗോസ് ഫീസ്, സൊസൈറ്റി ഓഫീസ് റിപ്പയറിംങ്, പി. ഒ. സി ബൈബിൾ ആപ്പ്, ബഡ്ജറ്റ്, ഹോളിലാന്റ് വിസിറ്റ്, ജനറൽബോഡി മീറ്റിംഗ് എം.സി മുതലായവയായിരുന്നു. പ്രാർഥനയോടെ യോഗം സമാപിച്ചു.

## 6. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 16-7-2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിമാനേജിംഗ് കൗൺസിൽ യോഗം 16/7/2023 ഞായറാഴ്ച പി.ഒ.സി.യിൽ വച്ച് കൂടുകയുണ്ടായി. റവ. സി. ലിസി ദേവസി സി.ടി.സി പ്രാർഥനയ്ക്ക് നേതൃത്വം നൽകി. മീറ്റിംഗ് അജണ്ട സെക്രട്ടറി അച്ചൻ അവതരിപ്പിച്ചു. ഏവരെയും വളരെ സ്നേഹത്തോടെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഓഡിറ്റർ ശ്രീ എം.ജെ. ജോസ് ഓഡിറ്റിംഗ് റിപ്പോർട്ട് അവതരിപ്പിച്ചു. സംശയങ്ങൾക്ക് കൃത്യമായ ഉത്തരം നൽകി. അതിനെതുടർന്ന് ഇന്റേണൽ ഓഡിറ്റർ ശ്രീ. ഫ്രാൻസീസ് ജോർജ് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡിഎച്ച് എഫ് എൽ നഷ്ടത്തെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച സബ് കമ്മിറ്റി കൺവീനർ നൽകിയ റിപ്പോർട്ട് സെക്രട്ടറിയച്ചൻ വായിച്ചു. അതിനുശഷം അടുത്തവർത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു ജനറൽബോഡി മീറ്റിംഗിന്റെ എം.സിയായി ജിഷയെ യോഗം തിരഞ്ഞടുത്തു. ലോഗോസ് ക്വിസിന്റെ ഫീസ് 20 രൂപയാക്കുന്ന കാര്യം തീരുമാനിച്ചു. ബൈബിൾസൊസൈറ്റിയുടെ ഓഫീസ് നവീകരിക്കുന്ന കാര്യത്തെക്കുറിച്ച് ചർച്ച

ചെയ്തു. പി.ഒ.സി ബൈബിൾ ആപ്പ് റെഡിയായി അതിന്റെ ഓഫ്ലൈൻ ലോഞ്ചിങ്ങ് ജനറൽബോഡിയിൽവച്ചു നടത്താൻ തീരുമാനിച്ചു. വിശുദ്ധനാടു സന്ദർശനത്തിന് ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ പി.ഒ.സിയിൽ നിന്ന് പോകുന്ന വരുടെ കൂടെപോകുവാൻ സൗകര്യമുണ്ടാകുമെന്ന് അച്ചൻ അറിയിച്ചു.

പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലക്കാപ്പിള്ളിയുടെ സന്ദേശ ത്തിൽ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകിച്ച് ബൈ ബിൾ വിവർത്തനം, ലോഗോസ് ക്വിസ്സ് എന്നിവയെ അഭിനന്ദിച്ചു സംസാരിച്ചു. ബൈബിൾ കൂടുതൽപേർക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിന് സൊസൈറ്റി അംഗങ്ങളുടെ എണ്ണം കൂടേണ്ടിയിരിക്കുന്നുവെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. സ ഭാനവീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ദിവ്യകാരുണ്യആരാധന നട ത്തണമെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. ആനി ജോസഫ് യോഗത്തിനു നന്ദിപറ ഞ്ഞു. പി.ഒ.സി ഡയറക്ടറിന്റെ ആശീർവാദ പ്രാർഥനയോടെ യോഗം സമാപി ച്ചു. യോഗത്തിൽ സന്നിഹിതരായ ഏവർക്കും സമ്മാനമായി സമ്പൂർണ്ണ ബൈ ബിളും വലിയ അക്ഷരം പുതിയനിയമവും നൽകി. 21 പേർ യോഗത്തിൽ സ ന്നിഹിതരായിരുന്നു.

**7. 32-ാമത് വാർഷിക പൊതുയോഗം 29-07-2023**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 32-ാമത് വാർഷി കപൊതുയോഗം 2023 ജൂലൈ 29ന് ഉച്ചകഴിഞ്ഞ് 2.00ന് പിഒസിയിൽ വച്ച് നട ത്തപ്പെട്ടു. സി. ഡയാന CTC യുടെയും സി. സലൂജ CTC യുടെയും പ്രാർഥ നാഗീതത്തോടെ യോഗനടപടികൾ ആരംഭിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അഭിവന്ദ്യ പിതാവിനും എല്ലാ ഭാരവാഹികൾക്കും സൊസൈറ്റി അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. തുടർന്ന് അനുസ്മരണ പ്രാർഥനാ ശുശ്രൂഷയ്ക്ക് പി.ഒ.സി. ഡയറക്ടർ റവ. ഫാ. ജേക്കബ് ജി. പാല യ്ക്കാപിള്ളി നേതൃത്വം നല്കി. അതിനുശേഷം ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട് മുൻ വാർഷിക റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. തുർന്ന് റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച നടന്നു. ഓഡി റ്ററുടെ നിയമനവുമായി ബന്ധപ്പെട്ട 3 പേരുകൾ കഴിഞ്ഞ ജനറൽബോഡിയിൽ നിർദേശിക്കപ്പെട്ടിരുന്നോ എന്നും ആ പേരുകൾ അംഗങ്ങൾക്ക് അയച്ചു നൽക പ്പെട്ട ലോഗോസ് ബുള്ളറ്റിനിൽ അത് ഇല്ലായെന്നും ഒരു അഭിപ്രായമുണ്ടായി. വാർഷികപൊതുയോഗത്തിന് തൊട്ടുമുമ്പായി ജൂലൈ 16ന് നടന്ന എക്സിക്യൂ ട്ടിവ് - മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ നിർദേശപ്രകാരമാണ് ഓഡിറ്റ റുടെ പാനലിന്റെ പേരുകൾ ചേർക്കപ്പെട്ടത് എന്ന് സെക്രട്ടറിയച്ചൻ മറുപടി നല്കി. പൊതുചർച്ചകളിൽ പ്രതികരിക്കുന്നവരുടെ പേരുകൾ ഒഴിവാക്കുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യം ചർച്ചയിൽ ഉന്നയിക്കപ്പെട്ടു. പേരുകൾ ഒഴി വാക്കുന്നത് ഉചിതമാണെന്നു തോന്നുന്നില്ല എന്ന നിർദേശം ഉണ്ടായി. സബ്ക മ്മിറ്റിയുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ട ചോദ്യത്തിന് റിപ്പോർട്ട് അവതരണം ഉണ്ടെന്ന് സെക്രട്ടറിയച്ചൻ മറുപടി നല്കി. റിപ്പോർട്ട് യോഗം പാസാക്കി.

തുടർന്ന് വാർഷിക കണക്കുകൾ ട്രഷറർ റവ. സി. ഐഡ ഇസബെല്ല അവതരിപ്പിച്ചു. ഓഡിറ്റർ ശ്രീ. M.J ജോസ് ബാലൻസ്ഷീറ്റും ഓഡിറ്റ് റിപ്പോർട്ടും വായിച്ചു. സൺട്രി ക്രെഡിറ്റേഴ്സുമായി ബന്ധപ്പെട്ട സംശയം യോഗാംഗം ഉന്ന യിച്ചു. അതിന് വ്യക്തമായ മറുപടി ഓഡിറ്റർ നല്കുകയുണ്ടായി. ക്ലോസിംഗ് സ്റ്റോക്കിൽ വരുന്ന തുക തന്നെ ബാലൻസ്ഷീറ്റിൽ കാണിച്ചിട്ടുണ്ട്. പിന്നെ

ഇൻകം സൈഡിൽ കാണിക്കേണ്ടതിന്റെ ആവശ്യകതയെന്താണെന്ന് യോഗം സംശയം ഉന്നയിച്ചു. പബ്ലിക്കേഷൻ എക്സ്പെൻസ് എല്ലാം ഉൾപ്പെടുന്നുണ്ടെന്നും, ബുക്സ് വിറ്റതിനുശേഷം വരുന്ന സ്റ്റോക്ക് കാണിച്ചിട്ടുണ്ടെന്നും ട്രേഡിംഗ് പ്രോഫിറ്റ് കാണിക്കുന്നതിനുവേണ്ടി സർപ്ലസ് വരുന്ന പ്രോഫിറ്റ് ബാലൻസ്ഷീറ്റിൽ കാണിച്ചിരിക്കുന്നു എന്ന് ഓഡിറ്റർ മറുപടി നല്കി.

ഈ സാമ്പത്തികവർഷം പബ്ലിക്കേഷൻ എക്സ്പെൻസിൽ 32ലക്ഷവും മുമ്പത്തെ വർഷത്തിൽ 13ലക്ഷവും ആയിരുന്നു. 20ലക്ഷം രൂപ എക്സ്പെൻസ് വരുന്നുണ്ട്. proportionate change ആയിരിക്കണം വരുത്തേണ്ടതെന്ന അഭിപ്രായം ഉയർന്നു. കൊറോണയുടെ ഭാഗമായി ബുക്സ് പബ്ലിഷ് ചെയ്തിട്ടില്ല, ഇംഗ്ലീഷ് ബൈബിൾ വാങ്ങിച്ചിട്ടില്ല. പബ്ലിക്കേഷന് വേണ്ടി 32ലക്ഷം ചിലവഴിച്ചിട്ടുണ്ടെങ്കിലും ഇൻകം ആയിട്ട് 31ലക്ഷം വന്നിട്ടുണ്ടെന്നും 2ലക്ഷത്തോളം സ്റ്റോക്ക് ബാക്കിയുണ്ടെന്നും സെക്രട്ടറിയച്ചൻ മറുപടി നല്കി. ഇപ്രാവശ്യം ചെയ്തപോലെ കഴിഞ്ഞതവണ ബുക്സ് പബ്ലിഷ് ചെയ്യേണ്ടിവന്നിട്ടില്ല. ഇംഗ്ലീഷ് ബൈബിളും വലിയ അക്ഷരം ബൈബിളും പ്രിന്റിംഗ് എണ്ണം കൂട്ടിയതിനാലാണ് എക്പെൻസ് കൂടി വന്നിട്ടുള്ളത് എന്ന് സെക്രട്ടറി അച്ചൻ മറുപടി നല്കി.

ലോഗോസ് ക്വിസ്സിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള endowment sponsor ചെയ്തിരിക്കുന്ന വ്യക്തികളുടെ പേര് റിപ്പോർട്ട് ബുക്കിൽ എഴുതണമെന്ന അഭിപ്രായം യോഗാംഗം ഉന്നയിച്ചു. റിപ്പോർട്ട് എല്ലാ അംഗങ്ങളും പാസാക്കി. തുടർന്ന് DHFL നിക്ഷേപവുമായി സംബന്ധിച്ച് 2022ലെ വാർഷികപൊതുയോഗത്തിൽ രൂപീകരിച്ച പാനലിന്റെ റിപ്പോർട്ട് കൺവീനർ ശ്രീ. തോമസ് പോൾ അവതരിപ്പിച്ചു. 2019ലെ ജനറൽ ബോഡിയിലാണ് DHFL ലെ നിക്ഷേപം ശ്രദ്ധിക്കണമെന്ന നിർദേശമുണ്ടായത്. എന്നാൽ മനപൂർവം തുടർന്നുകൊണ്ടുപോയി എന്ന അഭിപ്രായമുണ്ടായിരുന്നു. എന്നാൽ പ്രത്യേക പാനലിന്റെ അന്വേഷണത്തിൽ 2019 മെയ് 6നുശേഷം നിക്ഷേപങ്ങൾ ഒന്നുംതന്നെ പുതുക്കിയിട്ടില്ലെന്ന് കണ്ടെത്തി. ഒപ്പം പല സമയത്തായി കമ്മീഷനായി ലഭിച്ച സംഖ്യ പല വിഹിതങ്ങളിലായി വരവു വച്ചിട്ടുണ്ടെന്നും അത്തരത്തിലുള്ള ക്രമക്കേടുകളില്ലെന്നും അറിയിച്ചു.  വളരെ കൃത്യമായ ഒരു പരിശോധനയുടെ ഫലമാണ് ഈ റിപ്പോർട്ട് എന്ന് യോഗം വിലയിരുത്തുകയും പാനലിലുണ്ടായിരുന്ന ശ്രീ. തോമസ് പോൾ, ശ്രീ. ജോസി സേവ്യർ, ശ്രീ. ജോസ് മാളിയേക്കൽ എന്നിവരെ യോഗം അഭിനന്ദിച്ചു. പാനലിന്റെ ഈ റിപ്പോർട്ട് വാർഷികപൊതുയോഗത്തിന്റെ ഭാഗമാക്കണം എന്ന് യോഗം വിലയിരുത്തി.

ബൈബിൾ സൊസൈറ്റിക്ക് ലാഭം ലഭിക്കട്ടെ എന്നുള്ള ഉദ്ദേശ്യത്തിൽ നിക്ഷേപങ്ങൾ തുടർന്നതായിരിക്കാമെങ്കിലും ഇതൊരു പാഠമാണ് എന്ന് യോഗം വിലയിരുത്തി. കമ്മിറ്റിയറിയാതെയോ കമ്മിറ്റികളിൽ ഒന്നും ചർച്ച ചെയ്യാതെയോ അല്ല കാര്യങ്ങൾ ചെയ്തുപോന്നിട്ടുള്ളത് എന്ന് മനസിലാക്കണം എന്നും തെറ്റുകൾ പറ്റിയിട്ടുണ്ടാകാം എന്നും യോഗം വിലയിരുത്തി.

ചർച്ചയ്ക്കുശേഷം സെക്രട്ടറി അച്ചൻ ബഡ്ജറ്റ് അവതരിപ്പിച്ചു. അതിനുശേഷം അധ്യക്ഷപ്രസംഗമായിരുന്നു. വ്യക്തിതാല്പര്യങ്ങൾ വച്ചുകൊണ്ട് ഒന്നും തന്നെ മുൻഭാരവാഹികളോ മുൻ സെക്രട്ടറിമാരോ പ്രവർത്തിച്ചിട്ടില്ല എന്ന കാര്യം അഭിവന്ദ്യപിതാവ് അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. റിപ്പോർട്ട് കൃത്യതയോടെ അവതരിപ്പിച്ച പാനലിന് അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് പിതാവ് സംസാരിച്ചു. തിരുവചനം പ്രഘോഷിക്കുക എന്നതാണ് പരമമായ നമ്മുടെ ലക്ഷ്യം എന്ന് പിതാവ് കൂട്ടിച്ചേർത്തു.

അധ്യക്ഷപ്രസംഗത്തിനുശേഷം അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ അനുസ്മരിച്ചുകൊണ്ട് കേക്ക് മുറിച്ച് ആഘോഷിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

തുടർന്ന് പി.ഒ.സി. ഡയറക്ടർ, റവ. ഫാ. ജേക്കബ് പാലയ്ക്കാപിള്ളി ആശംസകളർപ്പിച്ച് സംസാരിച്ചു. 14000ത്തോളം ആളുകളാണ് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളായിട്ടുള്ളത് എങ്കിലും ആരും തന്നെ ഇതിന് പോസിറ്റീവ് ആയി പ്രതികരിക്കുന്നില്ല. സ്ഥിരമായി വരുന്ന കുറച്ച് ആളുകൾ മാത്രം എപ്പോഴും പങ്കെടുക്കുന്നു. 14000ത്തോളം ആളുകളെ വചനപ്രഘോഷണത്തിന് എങ്ങനെ ഭാഗഭാക്കാക്കാം എന്നുള്ളത് ഗൗരവമായി ചിന്തിക്കണം എന്ന് ഓർമിപ്പിക്കുകയുണ്ടായി.

തുടർന്ന് ബൈബിൾ ആപ്ലിക്കേഷൻ ലോഞ്ചിങ് ആയിരുന്നു. കുറേക്കൂടി യൂസർ ഫ്രണ്ട്‌ലി ആയിട്ടുള്ള ഒരു ആപ്പ് ആണിതെന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. അതിന് നേതൃത്വം നല്കിയ ശ്രീ. ബിജു ആപ്ലിക്കേഷന്റെ പ്രത്യേകതകളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അഭിവന്ദ്യ പിതാവ് റവ. ഡോ. ജെയിംസ് ആനാപറമ്പിലും പി.ഒ.സി. ഡയറക്ടർ ജേക്കബ് പാലയ്ക്കാപിള്ളിയും ചേർന്ന് ആപ്ലിക്കേഷൻ ലോഞ്ച് ചെയ്തു.

മെംമ്പർഷിപ് കാംപെയിനെപറ്റിയും ലോഗോസ് രജിസ്ട്രേഷൻ ഫീസ് ഉയർത്തുന്നതിനെപ്പറ്റിയും ചർച്ചയുണ്ടായി. രജിസ്ട്രേഷൻ ഫീസ് വർഷങ്ങളായി 10 രൂപയാണ്. അതിൽനിന്നും 20 രൂപയിലേക്ക് ഉയർത്താനുള്ള മാനേജിംഗ് കൗൺസിലിന്റെയും ജനറൽബോഡിയുടെയും നിർദേശം പിതാക്കന്മാർക്ക് മുന്നിൽ വയ്ക്കാം എന്ന അഭിപ്രായം വന്നു.

പള്ളി വികാരി എന്ന നിലയിൽ 20 രൂപയിലേക്ക് രജിസ്ട്രേഷൻ ഫീസ് ഉയർത്തുന്നതുകൊണ്ട് എണ്ണത്തിൽ കുറവുവരുകയില്ല എന്ന് ഫാ. ടോണി കോഴിമണ്ണിൽ അഭിപ്രായപ്പെട്ടു. മെംമ്പർഷിപ് കാംപെയിൻ വഴി ഒരു നിശ്ചിത ഇൻസെന്റീവ് രൂപതയ്ക്ക് നല്കുന്നത് നല്ലൊരു നിർദേശമാണെന്ന് യോഗം വിലയിരുത്തി.

തുടർന്ന് മണിപ്പൂർ വിഷയവുമായി ബന്ധപ്പെട്ട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പിതാവ് സംസാരിച്ചു. അതിനുശേഷം ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ കൃതജ്ഞതയർപ്പിച്ച് സംസാരിച്ചു. അഭിവന്ദ്യ പിതാവിന്റെ സമാപനാശിർവാദത്തോടെ യോഗം 5.00മണിക്ക് സമാപിച്ചു. തുർന്ന് ചായസത്കാരം ഉണ്ടായിരുന്നു. 102 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ജൂലിയോസ് പിതാവിന്റെ ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം സൊസൈറ്റി അംഗങ്ങൾക്ക് സമ്മാനമായി നല്കി.

**8. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിമാനേജിംഗ് കൗൺസിൽ യോഗം17-10-2023**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിമാനേജിംഗ് കൗൺസിൽ യോഗം 2023 ഒക്ടോബർ 17ചൊവ്വാഴ്ച 11.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ പി.ഒ.സി.യിൽവച്ചു കൂടുകയുണ്ടായി. റവ. സി. ലിസി ദേവസി സി.ടി.സി പ്രാർഥനയ്ക്ക് നേതൃത്വം നൽകി. സെക്രട്ടറി അച്ചൻ യോഗത്തിനു സ്വാഗതമാശംസിച്ചു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷ പ്രസംഗത്തിൽ ലോഗോസ് രൂപതാതലപരീക്ഷയിൽ രൂപതകളുടെ പങ്കാളിത്തത്തെ വിലയിരുത്തുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വേണ്ടി പരിശ്രമിച്ച ഏവർക്കും ഹൃദ്യമായ നന്ദിയർപ്പിച്ചു. ഇനി നടക്കാനിരിക്കുന്ന ലോഗോസ് മേഖലാ പരീക്ഷകൾ, സംസ്ഥാനതലപരീക്ഷകൾ, കലോത്സവം, ബൈബിൾ പാരായണമാസാചരണം എന്നി

വയിലും ഏവരുടെയും നിറഞ്ഞസാന്നിധ്യവും സഹകരണവും ഉണ്ടാകണമെന്ന് ഓർമിപ്പിച്ചു.

മീറ്റിംഗിനിടയിൽ മുൻ വൈസ് ചെയർമാനായിരുന്ന ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കലിന്റെ വത്സലമാതാവിന്റെ ദേഹവിയോഗത്തിൽ ബൈബിൾ സൊസൈറ്റി അംഗങ്ങൾ മൗന പ്രാർഥന നടത്തുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. ലോഗോസ് സെമിഫൈനൽ കൊല്ലം, കോഴിക്കോട് ആലുവ എന്നിവിടങ്ങളിൽവച്ച് നടത്തപ്പെടുന്നു. മൂന്നുസ്ഥലങ്ങളിലും പരീക്ഷയ്ക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനായി എല്ലാ മാനേജിംഗ് - എക്സിക്യൂട്ടിവ് കൗൺസിൽ അംഗങ്ങളേയും ഗ്രൂപ്പുകളായി തിരിച്ച് വിശദവിവരങ്ങൾ അറിയിക്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. നവംബർ 18,19 തിയതികളിൽ പി.ഒ.സി.യിൽ വച്ചു ലോഗോസ്ഫൈനൽ മൽസരങ്ങളുടെ നടത്തിപ്പിനും വേണ്ട ക്രമീകരണങ്ങൾക്കായും ഏവരുടെയും സഹകരണം ആവശ്യപ്പെട്ടു. ഡിസംബർമാസത്തിൽ തേവര കോളേജിൽവച്ചു നടത്തപ്പെടുന്ന കലോത്സവത്തിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും നടത്തുന്നതിനും ഏവരുടെയും സഹകരണം ആവശ്യപ്പെട്ടു.

ശ്രീ. ജോസ് തട്ടിലിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

## 9. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് കൗൺസിൽയോഗം 17-10-2023

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് മീറ്റിംഗ് 17-10-2023 ചൊവ്വാഴ്ച 11.00 മണിക്ക് പി.ഒ.സി.യിൽവച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി. കവിത ജിസ്മോൻ പ്രാർഥനയ്ക്ക് നേതൃത്വം നൽകി. പി.ഒ.സി. ഡയറക്ടർ യോഗത്തിൽ മുഖ്യാതിഥി ആയിരുന്നു. സെക്രട്ടറി അച്ചൻ യോഗത്തിനു സ്വാഗതമാശംസിച്ചു.

വൈസ് ചെയർമാന്റെ അധ്യക്ഷ പ്രസംഗത്തിൽ ലോഗോസ് രൂപതാതല പരീക്ഷയിൽ ഇവകകളിൽ സന്ദർശനം നടത്തിയവരെ നന്ദിയോടെ അനുസ്മരിച്ചു. ഉടനെ നടക്കാനിരിക്കുന്ന ലോഗോസ് സെമി ഫൈനൽ, മെഗാ ഫൈനൽ, ബൈബിൾ കലോത്സവം, ബൈബിൾ പാരായണമാസാചരണം, മെമ്പർഷിപ്പ് ക്യാമ്പയിൻ എന്നിവയിലും ഏവരുടേയും സാന്നിധ്യവും സഹകരണവും അഭ്യർത്ഥിച്ചു. ഡിസംബർമാസത്തിലെ ഞായറാഴ്ചകളിൽ വിവിധ ഇടവകകളിൽ ക്യാമ്പയിൻ നടത്താൻ സൊസൈറ്റി അംഗങ്ങൾ മുൻകൈ എടുക്കണമെന്നും ഓർമ്മിപ്പിച്ചു. തുടർന്ന് പി.ഒ.സി ഡയറക്ടർ യോഗത്തെ അഭിസംബോധനചെയ്തു. കേരളസഭയെ കൂട്ടിയിണക്കുന്ന രണ്ടു കാര്യങ്ങളാണ് ലോഗോസും, കലോത്സവവും എന്ന് അച്ചൻ അനുസ്മരിച്ചു. വിശുദ്ധജോൺപോൾ പാപ്പയുടെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട്, ഈശോയുടെ തിരുമുഖം ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതമായിരിക്കുന്നതുപോലെ വചനാധിഷ്ഠിതമായ തിരുമുഖം പ്രായോഗികമാക്കാൻ ശ്രമിക്കാമെന്ന് അച്ചൻ സൂചിപ്പിച്ചു.

തുടർന്ന് ജോയിന്റ് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി. അതേതുടർന്ന് അജണ്ട സെക്രട്ടറി അച്ചൻ അവതരിപ്പിച്ചു.

ബൈബിൾ പാരായണമാസാചരണ ഉദ്ഘാടനം കോതമംഗലത്തുവച്ചു നടത്താമെന്നു അഭിപ്രായപ്പെട്ടു. സമാപനത്തിന് സന്നദ്ധരായ രൂപതകൾ അറിയിക്കണമെന്ന് അച്ചൻ സൂചിപ്പിച്ചു. സൊസൈറ്റി മെംബേഴ്സിന്റെ അംഗസംഖ്യ വർധിപ്പിക്കുവാൻ ക്യാമ്പയിൻ നടത്തുമ്പോൾ എക്സിബിഷൻ കൂടി സംഘടിപ്പിക്കാമെന്ന് അഭിപ്രായമുണ്ടായി. ഡിസംബർ 17ന് ബൈബിൾ ഞായർ ആചരിക്കും. ഡിസംബർ 29,30 തിയതികളിൽ കലോത്സവം നടക്കുന്നത് തേവര

കോളേജ് കാമ്പസിൽ വച്ചായിരിക്കും എന്ന കാര്യവും അച്ചൻ സൂചിപ്പിച്ചു. ശ്രീ. പി.കെ ജോസഫിന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

## പ്രവർത്തന റിപ്പോർട്ട്

കേരളസഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും വചനപഠനത്തിൽ ആഴപ്പെടാനുമുള്ള ശുശ്രൂഷകളിൽ കേരളകത്തോലിക്കാ ബൈബിൾ സൊസൈറ്റി ഏർപ്പെട്ടിരിക്കുന്നു.

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2023 ജൂലൈ 29ന് പി.ഒ.സി.യിൽവച്ചു നടന്നു. 102 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. മൂന്നു റീത്തിന്റെയും ബൈബിൾ റീഡിംഗുകളോടുകൂടിയ പി.ഒ.സി.യുടെ നവീകരിച്ച ബൈബിൾ ആപ്പ് കെ.സി.ബി.എസ്. ചെയർമാൻ റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ റിലീസ് ചെയ്തു.

ലോഗോസ് ബുള്ളറ്റിൻ ജൂൺ മാസത്തിൽ എല്ലാം സൊസൈറ്റി അംഗങ്ങൾക്കും പോസ്റ്റു ചെയ്തു നൽകി.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് 2023 മെയ് 13ന് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോജു കോക്കാട്ട് ക്ലാസ് നയിക്കുകയും ഉച്ചകഴിഞ്ഞ് 3ന് ചേർന്ന അനുമോദനസമ്മേളനത്തിൽ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പി.ഒ.സി. ഡയറക്ടർ റവ. ഫാ. ജേക്കബ് പാലയ്ക്കാപിള്ളി നിർവഹിക്കുകയും ചെയ്തു. ബുധനാഴ്ചകളിലെ സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2023 ജൂൺ 7ന് റവ. ഡോ. ജോജു കോക്കാട്ട് നിർവഹിച്ചു. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ പഴയനിയമത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് ജൂൺ മാസം നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ, കെ.സി.ബി.സി. പ്രസിഡന്റ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കോസ് ബാവ റിലീസ് ചെയ്തു.

ലോഗോസ് 2023 രൂപതാതല പരീക്ഷയുടെ സെന്ററുകളിൽ എല്ലാ എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളും സന്ദർശിച്ചു. ലോഗോസ് സമ്മാനപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കി. മെഗാ ഫൈനൽ നവംബർ 18,19 തീയതികളിൽ പി.ഒ.സി.യിൽ വച്ച് നടന്നു. ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് ക്വിസും കുടുംബങ്ങൾക്കായുള്ള ഫാമിലി ക്വിസും സംഘടിപ്പിക്കപ്പെട്ടു. തലശ്ശേരി രൂപതയിൽനിന്നുള്ള ശ്രീമതി. നിമ്മി ഏലിയാസ് സ്പെഷ്യൽ ലോഗോസ് വിഭാഗം ഒന്നാം സ്ഥാനം നേടിക്കൊണ്ട് 3000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെഡലും ട്രോഫിയും കരസ്ഥമാക്കി. ഫാമിലി ലോഗോസ് ക്വിസിൽ തൃശ്ശൂർ അതിരൂപതയിൽനിന്നും ശ്രീമതി ആനി ദേവസ്സി & ഫാമിലി ഒന്നാം സ്ഥാനം നേടിക്കൊണ്ട് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെഡലും ട്രോഫിയും കരസ്ഥമാക്കി. ഇരിങ്ങാലക്കുട രൂപതയിൽനിന്നുള്ള അമല ഷിന്റോ ലോഗോസ് പ്രതിഭാപട്ടം ചൂടി. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ കെ.സി.ബി.എസ് ചെയർമാൻ റൈറ്റ്. റവ.ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവ് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. പാലയ്ക്കൽ തോമാ മല്പാൻ

മെമ്മോറിയൽ സ്പോൺസർ ചെയ്യുന്ന 25000 രൂപയും സൗത്ത് ഇൻഡ്യൻ ബാങ്ക് വെണ്ണല ബ്രാഞ്ച് സ്പോൺസർ ചെയ്ത 25000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും ലോഗോസ് പ്രതിഭ കരസ്ഥമാക്കി. പ്രതിഭയുടെ രൂപതയ്ക്കുള്ള എവർ റോളിംഗ് ട്രോഫി, പ്രതിഭയും രൂപതാംഗങ്ങളും ഏറ്റുവാങ്ങി.

ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച രൂപതകൾ, ഇടവകകൾ, അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്തുകൊണ്ട് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് 3000, 2000, 1000 എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിക്കുകയുണ്ടായി.

ഈ വർഷത്തെ ബൈബിൾ പാരായണമാസം ഡിസംബർ മാസത്തിൽ സമുചിതമായി ആചരിച്ചു. ഈ വർഷവും ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിൽ ബൈബിൾ അഖണ്ഡപാരായണം സംഘടിപ്പിച്ചു. ബൈബിൾ പാരായണത്തിന്റെ ഉദ്ഘാടനം ഡിസംബർ 1ന് കോതമംഗലം കത്തീഡ്രൽ ദേവാലയത്തിൽവച്ച് കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷൻ വൈസ്ചെയർമാനും ഇടുക്കി രൂപതാ അധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവഹിച്ചു. ബൈബിൾ പാരായണമാസ സമാപനം വരാപ്പുഴ അതിരൂപതയിലെ സെന്റ് മൈക്കിൾസ് ദേവാലയത്തിൽ നടത്തപ്പെട്ടു. ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവും അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഇന്റേണൽ ഓഡിറ്റേഴ്സായി മാനേജിംഗ് കൗൺസിലിൽനിന്നും ശ്രീ. ഫ്രാൻസിസ് ജോർജും മാനേജിംഗ് കൗൺസിലിന്റെ പുറത്തുനിന്നും ശ്രീ. തോമസ് പോളും തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷത്തെ ബൈബിൾ ഞായർ 2023 ഡിസംബർ 17ന് ആചരിക്കപ്പെട്ടു. കെ.സി.ബി.സി. സമ്മേളനത്തിൽ ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ഫീസ് 10 രൂപയിൽനിന്ന് 20രൂപയാക്കി ഉയർത്തി. ലോഗോസ് ക്വിസ് 2024ന്റെ പോസ്റ്റർ ഫെബ്രുവരി 15നു ചേർന്ന ഡയറക്ടേഴ്സ് മീറ്റിംഗിൽ റിലീസ് ചെയ്തു. ബൈബിൾ കമ്മീഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളിലൊന്നായ ബൈബിൾ പുതിയനിയമം പകർത്തിയെഴുത്തിന്റെ കർമപരിപാടികൾ ആസൂത്രണം ചെയ്യുകയും നിർദേശങ്ങളടങ്ങിയ പോസ്റ്ററുകൾ രൂപതയ്ക്ക് നൽകുകയും ചെയ്തു. ബൈബിൾ പകർത്തിയെഴുത്തിന്റെ ഉദ്ഘാടന കർമം 2024 മാർച്ച് മാസം 17നും സമാപനം ഡിസംബർ 22നും ആചരിക്കുവാൻ തീരുമാനിച്ചു.

2023ലെ ബൈബിൾ കലോത്സവം ഡിസംബർ 29,30തീയതികളിൽ തേവര S.H കോളേജ് ക്യാംപസിൽ വച്ച് നടന്നു. 19 രൂപതകളിൽനിന്നും 1000ൽപരം മത്സരാർഥികൾ പങ്കെടുത്തു. ഡിസംബർ 29ന് ബൈബിൾ കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ. ഡോ. ജെയിംസ് ആനാപറമ്പിൽ ബൈബിൾ കലോത്സവത്തിന് ഉദ്ഘാടനം കുറിച്ചു. ഡിസംബർ 30ന് വൈകീട്ട് 4ന് നടന്ന സമാപനസമ്മേളനത്തിൽ ബിഷപ് റവ. ഡോ. സെബാസ്റ്റ്യൻ വാണിയപുരക്കൽ, സിനി ആർട്ടിസ്റ്റ് ശ്രീ. സിജോയ് വർഗീസ്, ശ്രീ. പ്രസാദ് എന്നിവരും പി.ഒ.സി. ഡയറക്ടർ റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി, റവ. ഫാ.

സേവറിയോസ്, S.H കോളേജ് പ്രിൻസിപൽ റവ. ഫാ. ജോസ് ജോൺ CMI, റവ ഡോ. ജോജു കോക്കാട്ട്, വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എന്നിവർ സന്നിഹിതരായിരുന്നു. 188 പോയിന്റുകളോടെ എറണാകുളം - അങ്കമാലി അതിരൂപത ഒന്നാം സ്ഥാനവും 173 പോയിന്റുകളോടെ കൊല്ലം രൂപത രണ്ടാം സ്ഥാനവും 153 പോയിന്റുകളോടെ പാലക്കാട് രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ രൂപതകൾക്ക് എവർ റോളിംഗ് ട്രോഫിയും വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും വിതരണം ചെയ്തു. തുടർന്ന് 2023ലെ സാഹിത്യമത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വേദിയിൽ നൽകപ്പെട്ടു.

സായാഹ്ന ബൈബിൾ ക്ലാസിന്റെ സമാപനം 2024 ഫെബ്രുവരി 28നായിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റ് വിതരണവും മുഖ്യാഥിതിയായിരുന്ന റവ. ഡോ. സുജൻ അമൃതം നിർവഹിച്ചു. പി.ഒ.സി. ഡയറക്ടർ ജേക്കബ് ജി. പാലയ്ക്കാപിള്ളി, റവ. ഡോ. ജേക്കബ് പ്രസാദ്, എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഈ വർഷം മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. റവ. ഡോ. ജോഷി മയ്യാറ്റിലച്ചന്റെ തിരുവചനപദസാരം, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചന്റെ ഉത്പത്തി ചരിതം, റവ. സി. ഡോ. തെരേസ നടുപ്പടവിലിന്റെ സങ്കീർത്തനങ്ങൾ എന്നിവയാണ് 2023ലെ പ്രസിദ്ധീകരണങ്ങൾ.

---

**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | |
|---|---|---|---|
| I | എറണാകുളം അതിരൂപത | - 49598 | - 3,000 രൂപ, മെമന്റോ |
| II | തൃശൂർ അതിരൂപത | - 42540 | - 2,000 രൂപ, മെമന്റോ |
| III | പാലാ രൂപത | - 32804 | - 1,000 രൂപ, മെമന്റോ |

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | |
|---|---|---|---|
| I | രാമനാഥപുരം രൂപത | - 19.7 % | - 3,000 രൂപ, മെമന്റോ |
| II | കണ്ണൂർ രൂപത | - 15.85 % | - 2,000 രൂപ, മെമന്റോ |
| III | പാലക്കാട് രൂപത | - 15.3 % | - 1,000 രൂപ, മെമന്റോ |

**3. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ:**

I Major Archiepiscopal Marth Archdeacon Pilgrim Church, Kuravilangad
(Diocese of Palai) - 2378- 3000 രൂപ, മെമന്റോ

II Our Lady of Perpectual Help, Ochanthuruth
(Arch Diocese of Verapoly) 1486- 2,000 രൂപ, മെമന്റോ

III St. George Basilica, Angamaly -1246- 1,000 രൂപ, മെമന്റോ
(Arch Diocese of Ernakulam Angamaly)

## ബൈബിൾ വിതരണം

2023-2024 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 11102 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 3,80,770 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 31 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

**സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക**

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.23 വരെ | 1.4.23 മുതൽ 31.3.24 വരെ | ആകെ* |
|---|---|---|---|---|
| ഓർഡിനറി | | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 4136 | 9 | 4145 |
| ലൈഫ് | 2000 | 2619 | 1 | 2620 |
| സ്പെഷ്യൽ ലൈഫ് | 10000 | 169 | 0 | 169 |
| സ്പോൺസർ ലൈഫ് | 20000 | 78 | 1 | 79 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 197 | 0 | 197 |
| പാരിഷ് ഓർഡിനറി | 5000 | 219 | 0 | 219 |
| പാരിഷ് ലൈഫ് | 20000 | 50 | 0 | 50 |
| **ആകെ** | | 14668 | 11 | 14679 |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

## ബൈബിൾ ഞായർ

ഈ വർഷത്തെ ബൈബിൾ ഞായർ 22 ഡിസംബർ 2024

## അമല ഷിന്റോ ലോഗോസ് പ്രതിഭ



നാലു ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറോളം പേർ പങ്കെടുത്ത 23-ാമത് സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഇരിങ്ങാലക്കുട രൂപതയിൽനിന്നുള്ള ശ്രീമതി. അമല ഷിന്റോ ഒന്നാമതെത്തി ലോഗോസ്പ്രതിഭയായി.

ലോഗോസ് പ്രതിഭയ്ക്ക് പാലയ്ക്കൽ തോമ്മാ മല്പാൻ 25000 രൂപയുടെ ക്യാഷ് അവാർഡും സൗത്ത് ഇന്ത്യൻ ബാങ്ക്, വെണ്ണല ബ്രാഞ്ച് സ്പോൺസർ ചെയ്ത 25000 രൂപയുമാണ് സമ്മാനം. നവംബർ 19ന് ഉച്ചകഴിഞ്ഞ് നടന്ന സമാപനസമ്മേളനത്തിൽ, കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ ലോഗോസ് പ്രതിഭയ്ക്കും രൂപതയ്ക്കുമുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

## ലോഗോസ് ക്വിസ് 2023 സംസ്ഥാനതലം



ലോഗോസ് ക്വിസ് 2024 ന്റെ സംസ്ഥാനതലം കൊല്ലം, കോഴിക്കോട്, ആലുവ എന്നിവിടങ്ങളിലായി സംഘടിപ്പിക്കപ്പെട്ടു.

**ജൂബിലി ലോഗോസ് ക്വിസ് 2025**

2025 സെപ്റ്റംബറിൽ നടക്കുന്നത് 25-ാമത് ലോഗോസ് ക്വിസ് പരീക്ഷയാണ്.

**പഠനഭാഗങ്ങൾ**

**ന്യായാധിപന്മാർ 11-21; പ്രഭാഷകൻ 41-50; ലൂക്കാ 17-24; പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 1-6**




KCBC ബൈബിൾ കമ്മീഷന്റേയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ മാർച്ച് 17 മുതൽ ഡിസംബർ 22 വരെ ബൈബിൾ പകർത്തിയെഴുത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന നാളുകളാണ്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം മാർച്ച് 17 ഞായറാഴ്ചയും സമാപനം ഡിസംബർ 22 ഞായറാഴ്ചയുമാണ് സംഘടിപ്പിക്കേണ്ടത്.

**ഉദ്ഘാടനം മാർച്ച് 17** **സമാപനം ഡിസംബർ 22**

**രൂപതാ ഓഫീസിലോ, ഇടവകയിലോ രജിസ്ട്രേഷൻ നടത്തണം.**

**ക്രമീകരണങ്ങൾ**

- A3 പേപ്പറിൽ ബൈൻഡിംഗ് വരുന്ന വശത്ത് മാർജിൻ 4.5 cm, ബാക്കി മൂന്ന് വശത്തും (താഴെ, മുകളിൽ, വലത് വശത്ത്) 1 cm, വീതം മാർജിൻ.
- ഒരു സെന്റീമീറ്റർ അകലത്തിൽ 39 ലൈനുകൾ 23.5 cm വീതിയിൽ വരുന്ന തരത്തിൽ ക്രമപ്പെടുത്തണം.
- ഓരോ പുസ്തകത്തിന്റെയും പേരെഴുതുവാൻ ഒരു പേജ് വരകളില്ലാത്ത കരുതുക.
- ഇത്തരത്തിൽ തയ്യാറാക്കിയ 80 GSM പേപ്പറുകൾ ആവശ്യമുള്ളവർക്ക് ഒരു പേപ്പറിന് 1 രൂപ 95 പൈസ നിരക്കിൽ നേരത്തെ ഓർഡർ ചെയ്യാവുന്നതാണ്.
- ബൈൻഡിങ്ങിനും സൗകര്യമൊരുക്കുന്നതായിരിക്കും.

**നിബന്ധനകൾ**

- മൂന്ന് വിഭാഗങ്ങളിൽ (Category) സംഘടിപ്പിക്കാം
  **1. വ്യക്തിഗതം**
  **2. കുടുംബം**
  **3. സ്ഥാപനം**
  **(സംഘടനകൾ/ഇടവക/കോൺവെന്റ്/ സെമിനാരികൾ/ കൂട്ടായ്മകൾ)**
- ഓരോ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാലു കൈയ്യെഴുത്തുപ്രതികൾ സംസ്ഥാനതല മത്സരങ്ങൾക്കായി അയയ്ക്കണം.
- പുതിയ നിയമം വി. മത്തായി സുവിശേഷം മുതൽ വെളിപാടുപുസ്തം വരെയാണ് എഴുതേണ്ടത്. (POC, NRSV)
- കോളം തിരിക്കേണ്ട. പാരഗ്രാഫ് തിരിച്ചെഴുതുക. ഓരോ പുസ്തകത്തിന്റെയും ആമുഖം എഴുതണം. അടിക്കുറിപ്പുകൾ എഴുതേണ്ടതില്ല. ഓരോ പുസ്തകവും പുതിയ പേജിൽ തുടങ്ങുക. അവസാനത്തെ ഒരു പേജ് വ്യക്തിപരമായ പങ്കുവയ്ക്കലും പേരും സ്ഥലവും

www.keralabiblesociety.com

# 23 -ാം അഖില കേരള ലോഗോസ് ക്വിസ്
# 4-ാം സ്ഥാനം നേടി മെഡലിനും
# 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

## A Group

1. ആന്റണി ബെൻസൽ - കൊച്ചി രൂപത
2. ആഗ്നസ് റിജോ - പാലാ രൂപത
3. ജോൺ സ്കറിയ - കാഞ്ഞിരപ്പള്ളി രൂപത
4. ലെസ്‌ലിൻ മരിയ - ആലപ്പുഴ രൂപത
5. എൽവിന C.L - നെയ്യാറ്റിൻകര രൂപത
6. ഹന്ന മേരി - കോട്ടപ്പുറം രൂപത
7. റിവ റോസ് - ഇരിങ്ങാലക്കുട രൂപത

## B Group

1. ലിസ് മരിയ തോമസ് - പാലാ രൂപത
2. അൽന റോസ് V.S - എറണാകുളം - അങ്കമാലി അതിരൂപത
3. സാൻ മരിയ - മാനന്തവാടി
4. റെയ്ച്ചൽ മരിയ റെജി - തിരുവനന്തപുരം (ലത്തീൻ) അതിരൂപത
5. തൊമ്മി ചന്ദ്രൻകുന്നേൽ - കോതമംഗലം രൂപത
6. അനന്യ ബിനു - ഇടുക്കി രൂപത
7. ആൽഫിൻ ബിജു - ഇരിങ്ങാലക്കുട രൂപത

## C Group

1. ഏഞ്ചലിൻ ജോജി - പാലക്കാട് രൂപത
2. ഏഞ്ചല സണ്ണി - ഇടുക്കി രൂപത
3. ആൻ മരിയ സാന്റി CMC - കോതമംഗലം രൂപത
4. ശില്പ ബ്രൂസ് - തിരുവനന്തപുരം (ലത്തീൻ) അതിരൂപത
5. അനീറ്റ M. വർഗീസ് - ഹൊസൂർ രൂപത
6. ഷാലു മാത്യു - തലശ്ശേരി അതിരൂപത
7. സ്റ്റെഫി ഫെലിക്സ് - കോട്ടയം അതിരൂപത

## D Group

1. റാണി ആന്റണി - ആലപ്പുഴ രൂപത
2. ലിഷ വർഗീസ് - ആലപ്പുഴ രൂപത
3. നൈസി തോമസ് - പാലാ രൂപത
4. ടീന ടോമി - മാണ്ഡ്യ രൂപത
5. ഷീജ ഡേവിസ് - തൃശ്ശൂർ അതിരൂപത
6. അനീറ്റ തോമസ് - പാലാ രൂപത
7. രേഖ ജോസ് - ചങ്ങനാശ്ശേരി അതിരൂപത

## E Group

| | |
|---|---|
| 1. ആലീസ് മാത്യു | - പാലാ രൂപത |
| 2. ലിസ്സി ജോസ് | - എറണാകുളം - അങ്കമാലി അതിരൂപത |
| 3. ഷീല ഷാജി | - കാഞ്ഞിരപ്പള്ളി രൂപത |
| 4. മേഴ്സി P.J | - ആലപ്പുഴ രൂപത |
| 5. സെലിൻ മാത്യു | - മാണ്ഡ്യ രൂപത |
| 6. അന്ന E.M | - തലശ്ശേരി അതിരൂപത |
| 7. റോസിലി ബെന്നി | - കോതമംഗലം രൂപത |

## F Group

| | |
|---|---|
| 1. ഫിലോമിന ബേബി | - തൃശ്ശൂർ അതിരൂപത |
| 2. മാത്യു തൈക്കുന്നുംപുറത്ത് | - താമരശ്ശേരി രൂപത |
| 3. ചേച്ചമ്മ ജോജോ | - എറണാകുളം - അങ്കമാലി അതിരൂപത |
| 4. ലില്ലി ജെയിംസ് | - കോതമംഗലം രൂപത |
| 5. റീത്ത ജോർജ് | - തൃശ്ശൂർ അതിരൂപത |
| 6. ലില്ലികുട്ടി | - കോഴിക്കോട് രൂപത |
| 7. എൽസമ്മ ടോമി | - വരാപ്പുഴ അതിരൂപത |

### ഇരുപത്തിനാലാം അഖിലകേരള ലോഗോസ് ക്വിസ് - 2024

**പാഠഭാഗങ്ങൾ**

ന്യായാധിപന്മാർ 1-10; പ്രഭാഷകൻ 34-40;

ലൂക്കാ 9-16; 2 കോറിന്തോസ് 7-13

**രജിസ്ട്രേഷൻ**

ആരംഭിക്കുന്നത്: 2024 ജൂൺ 1-ന്

അവസാനിക്കുന്നത്: 2024 ജൂലൈ 31ന്

**പരീക്ഷാ സമയം**

രൂപതാതലം: 2024 സെപ്തംബർ 29; 2.00 P.M - 3.30 P.M

സംസ്ഥാനതലം: 2024 നവംബർ 10; ഫൈനൽ: 2024 നവംബർ 23-24

**ഗ്രൂപ്പുകൾ**

A വിഭാഗം - 1.1.2013 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം - 1.1.2008 നും 31.12.2012 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 1.1.1993 നും 31.12.2007 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 1.1.1973 നും 31.12.1992 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 1.1.1960 നും 31.12.1972 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31.12.1959 നും അതിനുമുമ്പും ജനിച്ചവർ

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

visit: www.keralabiblesociety.com

# ലോഗോസ് ക്വിസ് 2023-ലെ സംസ്ഥാനതല ജേതാക്കൾ

A വിഭാഗം

ഒന്നാം സമ്മാനം




**ജിസ്മോൻ സണ്ണി**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**സ്റ്റെഫാൻ വർഗീസ്**
ഇരിങ്ങാലക്കുട രൂപത

മൂന്നാം സമ്മാനം



**സേറ എലിസബത്ത്**
ഇടുക്കി രൂപത

B വിഭാഗം

ഒന്നാം സമ്മാനം



**ലിയ ട്രീസ സുനിൽ**
താമരശ്ശേരി രൂപത

രണ്ടാം സമ്മാനം



**ഒലിവിയ എലിസബത്ത് ബിനോയ്**
പാലക്കാട് രൂപത

മൂന്നാം സമ്മാനം



**തോമസ് ജോൺ തറയിൽ**
തൃശ്ശൂർ അതിരൂപത

C വിഭാഗം

ഒന്നാം സമ്മാനം



***ലോഗോസ് പ്രതിഭ***
**അമല ഷിന്റോ**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**മിൽഡ പോൾ V.**
തൃശ്ശൂർ അതിരൂപത

മൂന്നാം സമ്മാനം



**ആഷിത ബെന്നി S.H**
കോതമംഗലം രൂപത

D വിഭാഗം

ഒന്നാം സമ്മാനം



**ഷിബു തോമസ്**
മൂവാറ്റുപുഴ രൂപത

രണ്ടാം സമ്മാനം



**ജോസഫ് ചാക്കോ**
കാഞ്ഞിരപ്പള്ളി രൂപത

മൂന്നാം സമ്മാനം



**ഷെർമി കാർമ്മു**
കോട്ടപ്പുറം രൂപത

E വിഭാഗം

ഒന്നാം സമ്മാനം



**ആനി ജോർജ്**
തൃശ്ശൂർ അതിരൂപത

രണ്ടാം സമ്മാനം



**ബാബു പോൾ**
പാലാ രൂപത

മൂന്നാം സമ്മാനം



**ബീന ഡേവിസ്**
ഇരിങ്ങാലക്കുട രൂപത

F വിഭാഗം

ഒന്നാം സമ്മാനം



**മേരി തോമസ്**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**വത്സമ്മ സ്കറിയ**
ചങ്ങനാശ്ശേരി അതിരൂപത

മൂന്നാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

## *ലോഗോസ് ക്വിസ് ഫമിലിയ*

ദൈവവചനത്തിനായി ദാഹിക്കാത്തവർ ആരുമില്ല എന്നതിന്റെ മനോഹരമായ കാഴ്ചയായിരുന്നു കുടുംബങ്ങൾക്കായുള്ള ലോഗോസ് മത്സരം. പി.ഒ.സി.യിൽ വച്ചു നടന്ന സംസ്ഥാനതല മത്സരത്തിൽ 18 രൂപതകളിൽനിന്നും പങ്കെടുത്ത മത്സരാർഥിക ളിൽനിന്നും തൃശ്ശൂർ അതിരൂപതയിലെ ആനി ദേവസ്സി, ബെൻസി ദേവസ്സി, ഡിറ്റി ദേവസ്സി എന്നിവർ ഒന്നാം സ്ഥാനത്തിനും കാഞ്ഞിരപ്പള്ളി രൂപത മേരിക്കുട്ടി ജോഷി & ഫാമിലി രണ്ടാം സ്ഥാനത്തിനും കൊല്ലം രൂപത ജോസഫ് ഡേവിഡ് & ഫാമിലി മൂന്നാം സ്ഥാനത്തിനും അർഹതനേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപനചടങ്ങിൽ വിജയികൾക്കുള്ള സമ്മാന ങ്ങൾ നല്കപ്പെട്ടു.

## *ലോഗോസ് ക്വിസ് ഭിന്നശേഷിക്കാർക്ക്*

2023 നവംബർ 18ന് പി.ഒ.സി.യിൽ വച്ചു നടന്ന ബധിരർക്കാ യുള്ള ലോഗോസ് സംസ്ഥാനതല മത്സരത്തിൽ നിരവധി സ്കൂളു കളിൽനിന്നും പങ്കെടുത്ത കുട്ടികളിൽ ആദ്യ റൗണ്ടിൽ ആറുപേർ തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ബിജു സി.എസ്.സി.യുടെയും സി. അഭയ എഫ്.സി.സി.യുടെയും നേതൃത്വത്തിൽ സംഘടിപ്പിക്ക പ്പെട്ട സെക്കന്റ് റൗണ്ടിൽ തലശ്ശേരിയിൽനിന്നുള്ള നിമ്മി ഏലി യാസ് ഒന്നാംസ്ഥാനത്തിനും തൃശ്ശൂർ അതിരൂപതയിൽനിന്നുള്ള ജാസ്മിൻ ജോസ് രണ്ടാം സ്ഥാനത്തിനും എറണാകുളം അങ്ക മാലി അതിരൂപതയുടെ ലിൻസി ബെന്നി മൂന്നാം സ്ഥാനത്തിനും അർഹതനേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപനചട ങ്ങിൽ സ്പെഷ്യൽ കാറ്റഗറി വിജയിക്കുള്ള സമ്മാനങ്ങൾ നല്ക പ്പെട്ടു.

## ലോഗോസ് ക്വിസ് 2024ന്റെ പോസ്റ്റർ റിലീസ്



## കെ.സി.ബി.എസ്. വാർഷികപൊതുയോഗം 29 ജൂലൈ 2023



കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2023 ജൂലൈ 29ന് പി.ഒ.സി.യിൽവച്ചു നടന്നു.

## പുതിയ പ്രസിദ്ധീകരണങ്ങൾ










റവ. ഡോ. ജോഷി മയ്യാറ്റിലച്ചന്റെ തിരുവചനപദസാരം, റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചന്റെ ഉത്പത്തി ചരിതം, റവ. സി. ഡോ. തെരേസ നടുപ്പടവിലിന്റെ സങ്കീർത്തനങ്ങൾ എന്നിവയാണ് 2023ലെ കെ.സി.ബി.എസ്. പ്രസിദ്ധീകരണങ്ങൾ.

## പിഒസി ബൈബിൾ ആപ്പ് റിലീസിംഗ്



*മൂന്നു റീത്തിന്റെയും ബൈബിൾ റീഡിംഗുകളോടുകൂടിയ പി.ഒ.സി.യുടെ നവീകരിച്ച ബൈബിൾ ആപ്പ് കെ.സി.ബി.എസ്. ചെയർമാൻ റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ റിലീസ് ചെയ്തു.*

## ബൈബിൾ കറസ്പോൻസ് കോഴ്സ് കോൺടാക്ട് ക്ലാസ്



*ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് 2023 മെയ് 13ന് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോജു കോക്കാട്ട് ക്ലാസ് നയിക്കുകയും ഉച്ചകഴിഞ്ഞ് 3ന് ചേർന്ന അനുമോദനസമ്മേളനത്തിൽ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പി.ഒ.സി. ഡയറക്ടർ റവ. ഫാ. ജേക്കബ് പാലയ്ക്കാപിള്ളി നിർവഹിക്കുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ 93 പേർ കോഴ്സിൽ രജിസ്റ്റർ ചെയ്തു. നിലവിൽ പതിമൂവായിരത്തി നാനൂറ്റി അറുപതോളം പേർ കോഴ്സിൽ അംഗങ്ങളായിട്ടുണ്ട്.*

# ബൈബിൾ പാരായണമാസം



ബൈബിൾ പാരായണ മാസാചരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 2023 ഡിസംബർ 1 ന് കോതമംഗലം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് കേരളകത്തോലിക്ക മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷൻ വൈസ് ചെയർമാനും ഇടുക്കി രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവഹിച്ചു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, ഡീൻ ഓഫ് സ്റ്റഡീസ് റവ. ഫാ. ടോണി കോഴിമണ്ണിൽ, കോതമംഗലം രൂപതാ ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. പോൾ കളത്തൂർ, വികാരി റവ. ഫാ. തോമസ് ചെറുപറമ്പിൽ, കോതമംഗലംരൂപതാ മീഡിയാ സെക്രട്ടറി ഫാ. ജെയിംസ് മുണ്ടോലിക്കൽ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. തുടർന്ന് അഭിവന്ദ്യ പിതാവ് ബൈബിൾ വായിച്ചുകൊണ്ട് അഖണ്ഡബൈബിൾ പാരായണ മാസാചരണത്തിന് തുടക്കം കുറിച്ചു.





കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള അഖണ്ഡബൈബിൾ പാരായണം ഇരിങ്ങാലക്കുടയിൽ കെ.സി.ബി.സി വൈസ്പ്രസിഡന്റ് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്തു.





ബൈബിൾ പാരായണമാസാചരണത്തിന്റെ ഔപചാരികമായ സമാപനം 2023 ഡിസംബർ 31 ന് വൈകീട്ട് 6 ന് ചെമ്പുമുക്ക് സെന്റ്. മൈക്കിൾസ് ദേവാലയത്തിൽവച്ച് വരാപ്പുഴ അതിരൂപതാമെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് നിർവഹിച്ചു. ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച തിരുക്കർമങ്ങളെത്തുടർന്ന് അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ബൈബിൾ ഉത്പത്തിഗ്രന്ഥം വായിക്കുകയും തുടർന്ന് 400പേർ ചേർന്ന് സമ്പൂർണബൈബിൾ പാരായണം നടത്തുകയും ചെയ്തു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷൻ ചെയർമാനും ആലപ്പുഴ രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവ് സമാപനസന്ദേശം നൽകി. പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ മുൻസെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി, വരാപ്പുഴ അതിരൂപതാബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. സിജൻ ആന്റണി, മൂവാറ്റുപുഴ ബൈബിൾ കമ്മീഷൻ ഡയറക്ടർ ഫാ. ജോമോൻ, ജീസസ്സ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## പിഒസി പരിഷ്ക്കരിച്ച ബൈബിൾ റിലീസ്



*ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ പഴയനിയമത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് ജൂൺ മാസം നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ, കെ.സി.ബി.സി. പ്രസിഡന്റ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കോസ് ബാവ റിലീസ് ചെയ്തു.*

# സംസ്ഥാന ബൈബിൾ കലോത്സവം






2023ലെ ബൈബിൾ കലോത്സവം ഡിസംബർ 29,30തീയതികളിൽ തേവര S.H കോളേജ് ക്യാംപസിൽ വച്ച് നടന്നു. 19 രൂപതകളിൽനിന്നും 1000ൽപരം മത്സരാർഥികൾ പങ്കെടുത്തു. ഡിസംബർ 29ന് ബൈബിൾ കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ. ഡോ. ജെയിംസ് ആനാപറമ്പിൽ ബൈബിൾ കലോത്സവത്തിന് ഉദ്ഘാടനം കുറിച്ചു.






ഡിസംബർ 30ന് വൈകീട്ട് 4ന് നടന്ന സമാപനസമ്മേളനത്തിൽ ബിഷപ് റവ. ഡോ. സെബാസ്റ്റ്യൻ വാണിയപുരക്കൽ, സിനി ആർട്ടിസ്റ്റ് ശ്രീ. സിജോയ് വർഗീസ്, ശ്രീ. പ്രസാദ് എന്നിവരും പി.ഒ.സി. ഡയറക്ടർ റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി, റവ. ഫാ. സേവറിയോസ്, S.H കോളേജ് പ്രിൻസിപൽ റവ. ഫാ. ജോസ് ജോൺ CMI, റവ ഡോ. ജോജു കോക്കാട്ട്, വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എന്നിവർ സന്നിഹിതരായിരുന്നു. 188 പോയിന്റുകളോടെ എറണാകുളം – അങ്കമാലി അതിരൂപത ഒന്നാം സ്ഥാനവും 173 പോയിന്റുകളോടെ കൊല്ലം രൂപത രണ്ടാം സ്ഥാനവും 153 പോയിന്റുകളോടെ പാലക്കാട് രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയ രൂപതകൾക്ക് എവർ റോളിംഗ് ട്രോഫിയും വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും വിതരണം ചെയ്തു. തുടർന്ന്



2023ലെ സാഹിത്യമത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും കലോത്സവ വേദിയിൽ നൽകപ്പെട്ടു.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2024-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

**ബാലസാഹിത്യവും ബൈബിൾ ഗെയിംസുമാണ് ഈ വർഷത്തെ വിഷയം.** (കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും) (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2019 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

*2024 ഒക്ടോബർ 1-നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.*

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2023ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2023-ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ളസമ്മാനങ്ങൾ 2023 ഡിസംബർ 30ന് കലോത്സവസമ്മാനദാനചടങ്ങിൽ റവ. ഡോ. സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് വിതരണം ചെയ്തു.

| കവിത | പേര് | രൂപത |
|---|---|---|
| 1 | റോക്കി എം തോട്ടുങ്കൽ | എറണാകുളം - അങ്കമാലി |
| 2 | വിനോച്ചൻ M.A | കോഴിക്കോട് |
| 3. | സുസി നെവിൻ | കൊല്ലം |
| **ചെറുകഥ** | | |
| 1 | ജോസ് മാത്യു | എറണാകുളം - അങ്കമാലി |
| 2. | ഷിബി സോബച്ചൻ | എറണാകുളം - അങ്കമാലി |
| 3. | ജീസ് ചുങ്കത്ത് | പാലക്കാട് |
| **ഏകാങ്കം** | | |
| 1. | ബ്രദർ. റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ | തിരുവനന്തപുരം - മലങ്കര |
| 2. | സജി M.A | പാലക്കാട് |
| 3. | സാബു തോമസ് | എറണാകുളം - അങ്കമാലി |
| **ലേഖനം - അൽമായർ** | | |
| 1. | കുര്യൻ വാഴപ്പിള്ളി | പാലക്കാട് |
| 2. | റിജി പ്രിൻസൻ | എറണാകുളം - അങ്കമാലി |
| 3. | വിൻസന്റ് രാജ് | തിരുവനന്തപുരം - ലത്തീൻ |

**ലേഖനം - സന്യാസിനികൾ**

| | | |
|---|---|---|
| 1. | സി. ജിസാന്റോ | എറണാകുളം - അങ്കമാലി |
| 2. | സി. തേജസ് പോൾ | എറണാകുളം - അങ്കമാലി |
| 3. | സി. മോളി C.M.C | കൊച്ചി |

**ലേഖനം - സെമിനാരി വിദ്യാർത്ഥികൾ**

| | |
|---|---|
| 1. ബ്രദർ. ജോസഫ് നെല്ലിശ്ശേരി M.S.T | പാലക്കാട് |
| 2. ബ്രദർ. റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ | തിരുവന്തപുരം-മലങ്കര |

## ബൈബിൾ സായാഹ്ന ക്ലാസ് ഉദ്ഘാടനം




**സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2023 ജൂൺ 7ന് റവ. ഡോ. ജോജു കോക്കാട്ട് നിർവഹിച്ചു.**

## ബൈബിൾ സായാഹ്ന ക്ലാസ് സമാപനം



ബൈബിൾ സായാഹ്ന ക്ലാസ്സുകളുടെ സമാപനവും സർട്ടിഫിക്കറ്റ് വിതരണവും ഫെബ്രുവരി 28-ാം തീയതി വൈകിട്ട് പി.ഒ.സി. ലിറ്റിൽഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. 2023-2024ൽ മുപ്പത്തിനാല് ബുധനാഴ്ചകൾ നീണ്ടുനിന്ന കോഴ്സിൽ 76 പേർ രജിസ്റ്റർ ചെയ്തു. സമാപനദിനത്തിലെ ക്ലാസ്സുകൾ പിഒസിയുടെ ജനറൽ എഡിറ്റർ റവ. ഡോ. ജേക്കബ് പ്രസാദ് നയിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി അധ്യക്ഷത വഹിച്ചു. റവ. ഡോ. സുജൻ അമൃതം ചടങ്ങിൽ മുഖ്യാഥിതി ആയിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം നടത്തുകയും ചെയ്തു. ശ്രീ. പി.കെ ജോസഫ് എല്ലാവർക്കും നന്ദിയർപ്പിച്ചു സംസാരിച്ചു.

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2024

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**
അല്മായർ, സെമിനാരി വിദ്യാർഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

**ലേഖനത്തിന്റെ വിഷയം:**

**അല്മായർ:** ദൈവവചനം യുവജനങ്ങളുടെ ജീവിതത്തിൽ

**സെമിനാരി വിദ്യാർഥികൾ:** യുവജനവും വചനജീവിതവും

**സന്ന്യാസിനികൾ:** മറിയം യുവജന വചനപ്രഘോഷണത്തിന്റെ മാതൃക

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യ പത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.
ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.
**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 1 ആണ്.**
***കൃതികൾ അയയ്ക്കേണ്ട വിലാസം:***
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി-682028.

## സൊസൈറ്റിയിൽ എങ്ങനെ അംഗത്വമെടുക്കാം?

ബൈബിൾ പ്രഘോഷണ പ്രചാരണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആർക്കും സൊസൈറ്റിയിൽ അംഗത്വമെടുക്കാം. മെമ്പർഷിപ്പ് ഫോറം പൂരിപ്പിച്ച് നിങ്ങളുടെ അംഗത്വ ഫീസ് MO./ D.D ആയി സൊസൈറ്റിയിലേക്ക് നേരിട്ട് അയക്കുക. അല്ലെങ്കിൽ, നിങ്ങളുടെ നാട്ടിലെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്ന് ലഭിക്കുന്ന Mail Transfer Application പൂരിപ്പിച്ച് infavour of **Secretary, Kerala Catholic Bible Society A/C. No. SB 750 South Indian Bank, Vennala Branch, Palarivattom** എന്നെഴുതി നിങ്ങളുടെ തുക ബാങ്കിൽ ഏല്പിക്കുക. ഈ വിവരം അറിയിച്ച് നിങ്ങളുടെ അഡ്രസ്സ് സഹിതം സൊസൈറ്റിയുടെ ഓഫീസിലേക്കും എഴുതുക.

## മെമ്പർഷിപ്പ് ഫീസ്

2002 ജൂൺ 22-ാം തീയതിയിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗതീരുമാനമനുസരിച്ച് പുതുക്കിയ മെമ്പർഷിപ്പ് ഫീസ് (ഒരിക്കൽ മാത്രം നല്കിയാൽ മതി).

| **അംഗത്വ രീതി** | |
|---|---|
| സ്പെഷ്യൽ | 1000 |
| ലൈഫ് | 2000 |
| സ്പെഷ്യൽ ലൈഫ് | 10000 |
| സ്പോൺസർ ലൈഫ് | 20000 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 |
| പാരിഷ് ഓർഡിനറി | 5000 |
| പാരിഷ് ലൈഫ് | 20000 |

# സുവിശേഷം പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

**കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ സജീവ പങ്കാളിയാകാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗമാകൂ!**

**Kerala Catholic Bible Society**
Pastoral Orientation Centre, P.B. No. 2251,
Palarivattom, Cochin, Kerala, India - 682 025
Tel: 0484 - 2805897
Email : secretary@keralabiblesociety.com

---

# ബൈബിൾ
# കറസ്പോണ്ടൻസ് കോഴ്സ്

**ബൈബിൾ പഠനത്തിൽ ആഴപ്പെടാൻ ഉടൻ ചേരൂ!**



- പ്രായഭേദമെന്യേ ആർക്കും എപ്പോഴും ചേരാം.
- വെറും 1000 രൂപയ്ക്ക് 45 പുസ്തകങ്ങളടങ്ങുന്ന 6 യൂണിറ്റുകൾ തപാലിൽ ലഭിക്കുന്നു.
- അർഹരായവർക്ക് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക :
www.keralabiblesociety.com
കത്തിടപാടുകൾക്ക് :
സെക്രട്ടറി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
പി.ഒ.സി. പി.ബി. നമ്പർ 2251, പാലാരിവട്ടം – 682025